**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഇക്കോ റെസ്റ്റോറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷന്റെ അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം വാമനപുരം മണ്ഡലത്തിൽ ഉൾപ്പെടുന്ന വനഭാഗങ്ങളിൽ വർക്കിംഗ് പ്ലാൻ കാലയളവിൽ 2025-26 വർഷം വരെ ആകെ എത്ര ഹെക്ടർ വീതം അക്കേഷ്യ-ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം തോട്ടങ്ങൾ ആണ് ഇക്കോ റെസ്റ്റോറേഷൻ (പരിസ്ഥിതി പുനഃസ്ഥാപനം) നടത്തേണ്ടിയിരുന്നത് എന്ന് വിശദമാക്കാമോ; | (എ) | **തിരുവനന്തപുരം വനം ഡിവിഷന്റെ അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം 2022-23 മുതൽ 2025-26 വർഷം വരെ 179.42 ഹെക്ടർ അക്കേഷ്യ മാഞ്ചിയവും, 1151.93 ഹെക്ടർ അക്കേഷ്യ ഓറിക്കുലിഫോർമിസും തോട്ടങ്ങൾ ഇക്കോ റെസ്റ്റോറേഷൻ നടത്തേണ്ടതായിട്ടുണ്ടായിരുന്നു.** |
| (ബി) | ഇക്കാര്യത്തിൽ നാളിതുവരെ എത്ര ഹെക്ടറിൽ ഇക്കോ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ട് എന്നത് മരങ്ങളുടെ വർഗ്ഗം തിരിച്ച് വിശദമാക്കാമോ; | (ബി) | **അക്കേഷ്യ ഓറിക്കുലിഫോർമിസ് പ്രദേശത്ത് 2022 മുതൽ നാളിതുവരെ 320.55 ഹെക്ടർ ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തികൾ നടത്തിയിട്ടുള്ളതും, 288 ഹെക്ടർ പ്രദേശത്ത് ഇക്കോ റെസ്റ്റോറേഷന് മുന്നോടിയായുള്ള ഫെല്ലിംഗ് പ്രവർത്തനങ്ങളും നടന്നു വരുന്നു. അക്കേഷ്യ മാഞ്ചിയം പ്രദേശത്ത് 2022 മുതൽ നാളിതുവരെ 8 ഹെക്ടർ ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തികൾ നടത്തിയിട്ടുള്ളതും, 34.32 ഹെക്ടർ പ്രദേശത്ത് ഇക്കോ റെസ്റ്റോറേഷന് മുന്നോടിയായിട്ടുള്ള ഫെല്ലിംഗ് പ്രവർത്തനങ്ങളും നടന്നു വരുന്നു.** |
| (സി) | വർക്കിംഗ് പ്ലാൻ പ്രകാരമുള്ള ഏരിയായിൽ ഇക്കോ റെസ്റ്റോറേഷൻ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ; | (സി) | **തിരുവനന്തപുരം ജില്ലയിലെ അക്കേഷ്യ തോട്ടങ്ങളുടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ സർക്കാർ നയത്തിന്റെ ഭാഗമായി NABARD RIDF TRANCH XXVII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നതാണ്. ടി ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിലേയ്ക്ക് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ആണ് വർക്കിംഗ് പ്ലാൻ പ്രകാരമുള്ള തോട്ടങ്ങളിൽ പ്രസ്തുത പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾ നടപ്പാക്കുന്നത്.** |

| | | | |
|---|---|---|---|
| (ഡി) | പൂർണമായും അക്കേഷ്യരഹിതമായ വനഭൂമിയായി മണ്ഡലത്തെ മാറ്റാൻ എന്ന് സാധിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | **തിരുവനന്തപുരം വനം ഡിവിഷന്റെ നിലവിലെ വർക്കിംഗ് പ്ലാൻ പിരിയഡ് അവസാനിക്കുന്ന 2030 -31 വർഷത്തിൽ തന്നെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ